Mathrubhumi 30.12.17

# വൈഗ: 50 വ്യത്യസ്ത സ്റ്റാളുകളുമായി കാർഷിക സർവകലാശാല

തൃശ്ശൂർ ▸ വെള്ളാനിക്കരയിൽ നടക്കുന്ന വൈഗ അന്താരാഷ്ട്ര കാർഷികമേളയിൽ വൈവിധ്യമാർന്ന സ്റ്റാളുകളുമായി കാർഷിക സർവകലാശാല. കൃഷിയറിവ് പകരുന്ന 50 സ്റ്റാളുകളാണ് ഒരേയിടത്തിൽ ഒരുക്കിയിരിക്കുന്നത്. കൃഷിയുടെ വൈവിധ്യങ്ങളോടൊപ്പം മൂല്യവർധിത ഉത്പന്നങ്ങളും സ്റ്റാളുകളിലുണ്ട്. തേനീച്ച വളർത്തൽ മുതൽ തേനിന്റെ വൈവിധ്യങ്ങളും മൂല്യവർധിത ഇനങ്ങളുമാണ് കാണികളെ ആകർഷിക്കുന്നത്. എല്ലാ കൃഷിക്കുമുള്ള മാർഗനിർദേശങ്ങളും വളപ്രയോഗവും വരെയുള്ള അറിവുകൾ പകർന്ന് നൽകുന്നുണ്ട്. നാളികേരം, തേൻ, വാഴപ്പഴം, ചെറുധാന്യങ്ങൾ എന്നിവയുടെ മൂല്യവർധിത ഇനങ്ങൾ ഒരുക്കിയാണ് സർവകലാശാല കാണികളെ ആകർഷിക്കുന്നത്.

വിവിധതരം നാളികേരക്കുലകൾ ഒരുക്കിയ പവിലിയനിൽ തേങ്ങയിൽ നിന്നുള്ള ഉത്പന്നങ്ങളായ നീര, വെന്ത വെളിച്ചെണ്ണ കാപ്സ്യൂൾ, ഹെയർഓയിൽ, ഇളനീർ പുഡ്ഡിങ്ങ്, ബർഫി തുടങ്ങിയവയ്ക്കൊപ്പം തെങ്ങിൻ തടികൊണ്ടുള്ള ഫർണിച്ചറുകളും ഉണ്ട്. പരമ്പരാഗത തടിയുത്പന്നങ്ങളോട് കിടപിടിക്കുന്ന സെറ്റികളും ചാരുകസേരയും ദിവാൻ കോട്ടും കട്ടിലുമൊക്കെ തെങ്ങിൻ തടിയിൽ



▶ കാർഷിക സർവകലാശാലയുടെ സ്റ്റാളിൽ വെച്ചിരിക്കുന്ന തേനറ

നിർമിച്ചാണ് അണിനിരത്തിയിരിക്കുന്നത്.

പിസാങ്ങ് സെറിബു, യംഗാംബി, ഫൗഗാമു തുടങ്ങിയ അപൂർവ വാഴക്കുലകൾ പ്രദർശിപ്പിച്ചിട്ടുള്ള സ്റ്റാളിൽ ചെങ്കദളി ജ്യൂസ്, വാഴപ്പിണ്ടിയുടെ ജ്യൂസും പൗഡറും വാഴപ്പൂവ് അച്ചാറും ചട്നിയും വാഴപ്പഴ ഹൽവ എന്നിവയോടൊപ്പം വാഴനാരുകൊണ്ടുള്ള വസ്ത്രങ്ങളും നിരത്തിയിരിക്കുന്നു.

ചെറുതേനീച്ചപ്പെട്ടിയും കാർഷിക സർവകലാശാല രൂപകല്പന ചെയ്ത തേനീച്ചപ്പെട്ടിയും മറ്റ് തേനീച്ചപ്പെട്ടികളും പ്രദർശിപ്പിച്ചിട്ടുള്ള തേൻപവിലിയനിൽ തേൻ മെഴുകുപയോഗിച്ചുണ്ടാക്കിയ സൗന്ദര്യ സംവർധക വസ്തുക്കളും, ഹണി ഡ്രിങ്ക്, ഹണി ലഡ്ഡു, ഹണി ആൽമണ്ട് തുടങ്ങിയ രുചിക്കൂട്ടുകളും ഉണ്ട്. ചാമ, കൂവരക്, റാഗി, പനിവരക്, യവം, കമ്പം, മണിച്ചോളം എന്നിങ്ങനെ ചെറുധാന്യങ്ങളുടെ ശേഖരമാണ് മറ്റൊരാകർഷണം. ഇവയിൽ നിന്നുണ്ടാക്കിയ ഹെൽത്ത് മിക്സ്, ദോശക്കട്ട്, കുക്കീസ്, അവൽ, പുട്ടുപൊടി എന്നിവയും ഇവിടെയുണ്ട്.

പട്ടാമ്പി നെല്ലു ഗവേഷണ കേന്ദ്രത്തിൽ വികസിപ്പിച്ച നെല്ലിനങ്ങളുടെ ശേഖരവും വിവിധ പച്ചക്കറികളിൽ നിന്നുത്പാദിപ്പിച്ച സ്ക്വാഷ്, വൈൻ, അച്ചാറുകൾ, കശുമാങ്ങയിൽ നിന്നുള്ള വിനാഗിരി, ഹൽവ, ജാം തുടങ്ങിയവയും കാണാം.

കൊക്കൊ തൈകൾക്കും കായ്കൾക്കുമൊപ്പം ചോക്കലേറ്റ്, മിൽക്ക്ചോക്കലേറ്റ്, ഡ്രിങ്കിങ് ചോക്കലേറ്റ് എന്നിവയുടെ ആകർഷകമായ ശ്രേണി കാണാം. കൂൺവിത്തുകളും കൂൺ ഉത്പന്നങ്ങളും കുന്തിരിക്കത്തിൽ നിന്നുണ്ടാക്കിയ ചന്ദനത്തിരികളും വില്പനയ്ക്കുണ്ട്.

കാർഷിക യന്ത്രോപകരണങ്ങളും കാർഷികോത്പന്ന സംസ്കരണയന്ത്രങ്ങളും പരിചയപ്പെടുന്നതിനൊപ്പം അക്വാപോണിക്സ് കൃഷിരീതിയും പരിചയപ്പെടുത്തുന്നു.

## നാളികേരത്തിന്റെ സമഗ്രവികസനത്തിന് കോക്കനട്ട് മിഷൻ -കൃഷിമന്ത്രി

തൃശ്ശൂർ: നാളികേരത്തിന്റെ സാധ്യതകൾ സമ്പൂർണമായി പ്രയോജനപ്പെടുത്താൻ കോക്കനട്ട് മിഷൻ രൂപവത്കരിക്കുമെന്ന് കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ പറഞ്ഞു. നാളികേര കർഷക ഉത്പാദകസമിതിയിലെ കർഷകരുടെയും ഈ മേഖലയിലെ ഏജൻസികളുടെയും ഏകോപനമായിരിക്കും മിഷൻ.

വൈഗയിൽ നാളികേരത്തിന്റെ സാധ്യതകളെക്കുറിച്ചുള്ള ശില്പശാലയിൽ സംസാരിക്കുകയായിരുന്നു മന്ത്രി. നീര അടക്കമുള്ള നാളികേരത്തിന്റെ മൂല്യവർധിത ഉത്പന്നങ്ങളിലെ ഗുണമേന്മയും സാധ്യതകളും ഉറപ്പുവരുത്തും.

പത്തുവർഷത്തെ പദ്ധതിയിലൂടെ നാളികേരത്തിന്റെ സമഗ്രവികസനമാണ് ലക്ഷ്യം വയ്ക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.